പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4098

25/06/2014-ൽ മറുപടിയ്ക്കു

**ശബരിമല മാസ്റ്റർ പ്ലാൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ശബരിമല തീർത്ഥാടകർക്കായി ഈ വർഷത്തെ സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി അനുബന്ധം-1 -ൽ പറഞ്ഞിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഈ പണികളെല്ലാം തന്നെ ശബരിമല സീസണ് മുൻപ് പൂർത്തീകരിക്കത്തക്ക വിധത്തിലാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| ബി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇനിയും നടപ്പിലാക്കാൻ കഴിയാത്ത പ്രധാന നിർദ്ദേശങ്ങൾ ഏതെല്ലാമെന്നും അറിയിക്കാമോ; | ബി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അനുബന്ധം-2 -ൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത കാലാവധിക്കുള്ളിൽ മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള പമ്പ-ശബരിമല മെറ്റീരിയൽ റോപ്‌വേ, നിലയ്ക്കൽ ഇടത്താവളത്തിന്റെ വികസനം സംബന്ധിച്ച വിവിധ പദ്ധതികൾ, ശബരിമലയിലെ കെട്ടിടങ്ങളുടെ പുനർനിർമ്മാണം/ക്രമീകരണം എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. |
| സി) ശബരിമലയിലെ മാലിന്യ നിർമ്മാർജ്ജനം, തീർത്ഥാടകർക്ക് കുടിവെള്ളം, താമസ സൗകര്യങ്ങൾ എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ? | സി) ശബരിമലയിലെ മാലിന്യ നിർമ്മാർജ്ജനത്തിന് പ്ലാസ്റ്റിക് മുതലായവയുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ, പമ്പാനദിയിൽ അയ്യപ്പഭക്തന്മാർ വസ്ത്രങ്ങൾ ഉപേക്ഷിക്കാതിരിക്കാനും, ഉപേക്ഷിച്ചു പോകുന്ന വസ്ത്രങ്ങൾ നീക്കം ചെയ്യുന്നതിനും |

ആവശ്യമായ നടപടികൾ എന്നിവ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശബരിമലയിലെ മാലിന്യ സംസ്കരണത്തിന് മാസ്റ്റർ പ്ലാൻ ഹൈപ്പവർ കമ്മിററിയുടെ മേൽനോട്ടത്തിൽ 22.87 കോടി രൂപ ചിലവിൽ ഒരു 5 എം.എൽ.ഡി സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. തീർത്ഥാടകർക്ക് കുടിവെള്ളം നൽകുന്നതിനായി നിലയ്ക്കലിൽ തടയണ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ച് ജലശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കാനനപാതയിലുടനീളം വേണ്ടത്ര ചുക്കു വെള്ള വിതരണത്തിനുള്ള വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്യൂ കോംപ്ലക്സുകൾ നിലവിൽ വരുന്നതോടുകൂടി തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകും. ശബരിമലയിൽ കൂടുതൽ താമസ സൗകര്യം ഏർപ്പെടുത്തരുതെന്നാണ് മാസ്റ്റർ പ്ലാൻ വിഭാവന ചെയ്തിട്ടുള്ളത്. എന്നാൽ നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതോടൊപ്പം താൽക്കാലിക ഷെഡുകൾക്ക് പകരം വിരി ഷെഡുകൾ നിർമ്മിക്കാനും പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ